## പതിനാലാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം T 3383 — 10 .12.2018 -ൽ മറുപടിയ്ക്ക്

### ലക്ഷം വീട് കോളനികളുടെ ശോചനീയാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>,, കോവൂർ കുഞ്ഞുമോൻ<br>,, സി.കെ.നാണു : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ലക്ഷം വീട് കോളനി പദ്ധതിയിൽ വീടുകൾ അനുവദിക്കുന്നത് രണ്ട് കുടുംബങ്ങൾക്ക് ഒരു വീട് എന്ന രീതിയിലായതിനാൽ പ്രസ്തുത വീടുകളുടെ അറ്റകുറ്റ പണികൾ മുടങ്ങി വാസ യോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഈ കോളനികളുടെ ശോചനീയാവസ്ഥ പരിഹരിച്ച് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിന് സ്വീകരി ക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (എ) യും (ബി) യും<br>എം.എൻ ലക്ഷം വീട് പദ്ധതിക്കുവേണ്ടി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260/- രൂപ വിനിയോഗിച്ച് എം.എൻ.ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പുനർ നിർമ്മാണവും ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 26.10.2018-ലെ സ.ഉ.(കൈ)നം. 11/2018/ഭവനം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് തരുന്ന 154 ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ വീതം വിനിയോഗിച്ച് വീടുകൾ പുതുക്കി പണിയുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി 1 കോടി 50 ലക്ഷം രൂപ ജി.ഒ.(എം.എസ്) നം.12/2018/ഭവനം തീയതി 30.11.2018 പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

Subha S

സെക്ഷൻ ഓഫീസർ